ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 06.11.2026 | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. കായിക ഉപകരണ നിർമ്മാണ മേഖലയിൽ ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കാനും ആഗോള വിപണിയിൽ രാജ്യത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi has called upon India's sports goods industry to set new benchmarks in domestic manufacturing and strengthen the country's position in the global market.

2. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യു.ജി.സി 2026 സമത്വ ചട്ടങ്ങൾ പരിശോധിക്കാൻ പ്രത്യേക സമിതി രൂപീകരിക്കുമെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ.

   Centre to set up special committee to re-examine UGC's 2026 equity regulations to protect interests of all sections of society.

3. അഞ്ചാമത് ദേശീയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് പ്രചാരണ പരിപാടി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   Minister of State for Personnel, Public Grievances and Pensions, Dr. Jitendra Singh will launch the 5th edition of Nationwide Digital Life Certificate (DLC) Campaign in New Delhi today.

4. ഇന്ത്യയുടെ മൂന്ന് പുരാണ കൃതികളെക്കൂടി യുനെസ്കോയുടെ പ്രാദേശിക രജിസ്റ്ററിൽ ഉൾപ്പെടുത്തി.

Three major works of India's literary and intellectual heritage have been included in UNESCO's Memory of the World Regional Register for Asia and the Pacific.

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴ ഞായറാഴ്ച വരെ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

The India Meteorological Department (IMD) has forecast isolated heavy rain accompanied by thunderstorms in Keralam till Sunday. Yellow alert has been issued in five districts today.

6. ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി പുരുഷ ഹോക്കി കിരീടം ആറാം തവണയും നിലനിർത്തി ഇന്ത്യ.

India Retain Men's Asian Champions Trophy Hockey Title for the Sixth Time.

****

PM SPORTS (INTRO)

കായിക ഉപകരണ നിർമ്മാണ മേഖലയിൽ, ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കാനും ആഗോള വിപണിയിൽ രാജ്യത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഏഷ്യൻ പാരാ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി ന്യൂഡൽഹിയിൽ സംവദിക്കവെയാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. ആഗോളതലത്തിൽ ഇന്ത്യൻ നിർമിത കായിക ഉപകരണങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

2010-ൽ 14 മെഡലുകൾ മാത്രമുണ്ടായിരുന്ന ഇന്ത്യ, ഇത്തവണ 114 മെഡലുകൾ നേടിയത് ശ്രദ്ധേയമായ മുന്നേറ്റമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി താരങ്ങളുടെ പ്രകടനത്തെയും അഭിനന്ദിച്ചു.

****

SC-UGC-CENTRE

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യു.ജി.സി 2026 സമത്വ ചട്ടങ്ങൾ പരിശോധിക്കാൻ പ്രത്യേക സമിതി രൂപീകരിക്കുമെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. എല്ലാ വിദ്യാർത്ഥികളുടെയും ക്ഷേമവും താൽപര്യങ്ങളും ഒരുപോലെ സംരക്ഷിക്കപ്പെടണമെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. മുൻ ചട്ടങ്ങളിലെ അവ്യക്തത ചൂണ്ടിക്കാട്ടി സുപ്രീം കോടതി 2026-ലെ നിർദ്ദേശങ്ങൾക്ക് സ്റ്റേ ഏർപ്പെടുത്തിയിരുന്നു.

JITENDRA SINGH-DLC 5

അഞ്ചാമത് ദേശീയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് പ്രചാരണ പരിപാടി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പെൻഷൻ വെൽഫെയർ വകുപ്പ് സംഘടിപ്പിക്കുന്ന കാമ്പയിൻ ഈ മാസം 30 വരെ തുടരും. ജീവൻ പ്രമാൺ ആപ്പിലെ ഫേസ് ഓതന്റിക്കേഷൻ ഉപയോഗിച്ച് പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം കൂടുതൽ ലളിതവും വേഗത്തിലുമാക്കുകയാണ് ലക്ഷ്യം. ബാങ്കുകൾ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക്, എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന പരിപാടിയിൽ, 80 വയസ്സ് കഴിഞ്ഞവർക്കും രോഗികൾക്കുമായി വീടുകളിലെത്തി സേവനങ്ങൾ നൽകുന്നതിനുള്ള പ്രത്യേക സൗകര്യവും ഒരുക്കിയിട്ടുണ്ട്.

PM-NITI AAYOG

നിതി ആയോഗിന്റെ പുതിയ നേതൃനിരയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. രാജ്യത്തിൻറെ ദീർഘകാല വികസന ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനൊപ്പം, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതാനും ശ്രമങ്ങൾ ഉണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇതിനായി പ്രമുഖ

ഗവേഷണ-അക്കാദമിക് സ്ഥാപനങ്ങളുമായും സംസ്ഥാന സർക്കാരുകളുമായും സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി പറഞ്ഞു. നിതി ആയോഗ് വൈസ് ചെയർമാൻ അശോക് ലാഹിരി, സിഇഒ അനുരാഗ് ജെയിൻ, ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു.

UNESCO- THREE WORKS

ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന് അന്താരാഷ്ട്ര അംഗീകാരം. ഇതിഹാസ കാവ്യമായ മഹാഭാരതം, കൗടില്യന്റെ അർത്ഥശാസ്ത്രം, കൽഹണന്റെ രാജതരംഗിണി എന്നീ മൂന്ന് കൃതികളെ യുനെസ്കോയുടെ ഏഷ്യാ പസഫിക് മേഖലയ്ക്കായുള്ള 'മെമ്മറി ഓഫ് ദി വേൾഡ്' രജിസ്റ്ററിൽ ഉൾപ്പെടുത്തി. ഇന്തോനേഷ്യയിലെ ജക്കാർത്തയിൽ ചേർന്ന പതിനൊന്നാമത് സമ്മേളനത്തിലാണ് പ്രഖ്യാപനം. ഇതോടെ, യുനെസ്കോ പ്രാദേശിക രജിസ്റ്ററിലുള്ള ഇന്ത്യൻ പൈതൃക രേഖകളുടെ എണ്ണം ആറായി.

JAISHANKAR ANTIGUA – BARBUDA MEETING

കോമൺവെൽത്ത് രാഷ്ട്രത്തലവന്മാരുടെ ഉച്ചകോടിക്കിടെ ആന്റിഗ്വ ആൻഡ് ബാർബുഡ പ്രധാനമന്ത്രി ഗാസ്റ്റൺ ബ്രൗണുമായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, പുനരുപയോഗ ഊർജം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി സഹകരണം വിപുലീകരിക്കുന്നതിനുള്ള മാർഗങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. നേരത്തെ, ആന്റിഗ്വ ആൻഡ് ബാർബുഡ വിദേശകാര്യ മന്ത്രി ചെറ്റ് ഗ്രീനുമായും ശ്രീ എസ്. ജയശങ്കർ കൂടിക്കാഴ്ച നടത്തിയിരുന്നു. കോമൺവെൽത്ത് രാഷ്ട്രത്തലവന്മാരുടെയും വ്യവസായ പ്രമുഖരുടെയും യോഗത്തിലും അദ്ദേഹം പങ്കെടുത്തു.

DRDO

DRDO തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഉപരിതല ഹ്രസ്വദൂര ടാക്റ്റിക്കൽ ക്വാസി-ബാലിസ്റ്റിക് മിസൈൽ 'പ്രളയ്'യുടെ പരീക്ഷണ പറക്കൽ വിജയകരമായി നടന്നു. പരീക്ഷണത്തിന്റെ എല്ലാ ലക്ഷ്യങ്ങളും പൂർണ്ണമായും കൈവരിക്കാൻ സാധിച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെ തദ്ദേശീയ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിൽ ഈ പരീക്ഷണം സുപ്രധാന നാഴികക്കല്ലാണെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് സമൂഹമാധ്യമത്തിൽ കുറിച്ചു.

****

COAST GUARD- MASSIVE HUNT

മുറസു ചുഴലിക്കാറ്റിനെത്തുടർന്ന് കാണാതായ മത്സ്യത്തൊഴിലാളികൾക്കായി ഇന്ത്യൻ തീരസംരക്ഷണ സേനയുടെ നേതൃത്വത്തിൽ വ്യാപക തിരച്ചിൽ തുടരുന്നു. ആന്ധ്രാപ്രദേശിലെ ഒംഗോളിന് സമീപം തമിഴ്നാട്ടിൽ നിന്നുള്ള മൂന്ന് മത്സ്യത്തൊഴിലാളികളുടെ മൃതദേഹങ്ങൾ കരയ്ക്കടിഞ്ഞു. മറ്റൊരു മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കടലിൽ നിന്ന് കണ്ടെത്തി. അവശേഷിക്കുന്ന അഞ്ച് മത്സ്യത്തൊഴിലാളികൾക്കായുള്ള തിരച്ചിൽ തുടരുകയാണ്. അതേസമയം, സംഭവത്തിൽ തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് അഗാധ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് ഏഴ് ലക്ഷം രൂപ വീതം ധനസഹായം നൽകും.

****

BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

****

5 YR PLAN - KERALAM

കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം 28 ലക്ഷം കോടി രൂപയായി ഉയർത്താൻ ലക്ഷ്യമിടുന്ന പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ചു. നിലവിൽ 16 ലക്ഷം കോടി രൂപയാണ് കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം. അഞ്ച് ശതമാനത്തിൽ നിന്ന് ഏഴ് ശതമാനമായി വാർഷിക വളർച്ചാനിരക്ക് ഉയർത്താനും പതിനഞ്ചാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മന്ത്രിമാരും ബോർഡ് ഉപാധ്യക്ഷൻ കെ.എം. ചന്ദ്രശേഖറും ബോർഡ് അംഗങ്ങളും പങ്കെടുത്തു.

****

EX SERVICEMEN (INTRO)

വിമുക്ത സൈനികരുടെ ക്ഷേമ വകുപ്പിന്റെ തൊഴിൽമേള ഇന്ന് തിരുവനന്തപുരത്ത് നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....

(വോയ്സ്)

****

SABARIMALA

ശ്രീചിത്തിര ആട്ട തിരുനാളുമായി ബന്ധപ്പെട്ട പൂജകൾക്കായി ശബരിമല നട ഇന്നു തുറക്കും. വൈകിട്ട് തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നട തുറന്ന് ദീപം തെളിയിക്കും. ശേഷം പതിനെട്ടാം പടിക്ക് താഴെ ആഴിയിൽ അഗ്നി പകരും. ശ്രീ ചിത്തിര ആട്ട തിരുനാൾ ദിനമായ നാളെ രാവിലെ അഞ്ചിനു ദർശനത്തിനായി നട തുറക്കും. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ ജന്മദിനത്തിലാണ് ഈ ചടങ്ങുകൾ നടക്കുന്നത്.

****

RAIN – KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴ ഞായറാഴ്ച വരെ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ലക്ഷദ്വീപിലും കർണാടക തീരത്തും ഇന്ന് ശക്തമായ ഇടിമിന്നലിനും സാധ്യതയുണ്ട്.

****

RONALDO RETIREMENT (INTRO)

ഉജ്വലമായ കേളീമികവിലൂടെ ലോകമെങ്ങും ആരാധകരെ ത്രസിപ്പിച്ച പോർച്ചുഗലിന്റെ സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ രാജ്യാന്തര ഫുട്ബോളിൽ നിന്ന് വിരമിച്ചു. സാമൂഹിക മാധ്യമങ്ങളിൽ പങ്കുവച്ച വികാരനിർഭരമായ വീഡിയോ സന്ദേശത്തിലൂടെയാണ് തീരുമാനം അറിയിച്ചത്.

ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....

(വോയിസ്)

****

HOCKEY CHAMPIONS

ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി പുരുഷ ഹോക്കി കിരീടം ആറാം തവണയും നിലനിർത്തി ഇന്ത്യ. മൊഹാലിയിൽ നടന്ന ഫൈനലിൽ ജപ്പാനെ ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. വെങ്കല മെഡലിനായുള്ള മത്സരത്തിൽ ദക്ഷിണ കൊറിയയെ 5-2 ന് മലേഷ്യ പരാജയപ്പെടുത്തി.

****